# ലോകകാഴ്ചകൾ കാമ്പസിലേക്ക്

സിനിമ-ടി.വി.

- യൂണിവേഴ്സിറ്റി കോളേജിൽ 28നും 29നും അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ
- വിഷയം : കോളനിയാനന്തരകാല സിനിമ - സമീപനം, സ്വത്വം, രാഷ്ട്രീയം
- രണ്ടുദിവസം, ഒൻപത് സിനിമകൾ

■ രാകേഷ് കെ. നായർ

നഗരത്തിന്റെ ചലച്ചിത്രോത്സവപ്പൂരത്തിന് മുന്നോടിയായി കാഴ്ചയുടെ ചെറുപൂരങ്ങളൊരുക്കുകയാണ് കാമ്പസുകളം. അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ യൂണിവേഴ്സിറ്റി കോളേജിൽ രണ്ടുദിവസത്തെ ചലച്ചിത്രോത്സവത്തിന് കൊടിയേറുന്നു.

28, 29 തീയതികളിലാണ് ലോകക്കാഴ്ചയുടെ വസന്തം യൂണിവേഴ്സിറ്റി കോളേജിൽ വിരുന്നെത്തുന്നത്. ചലച്ചിത്ര അക്കാദമിയും കോളേജിലെ ഫിലിം ക്ലബ്ബും കോളേജ് യൂണിയനും സംയുക്തമായാണ് കോളേജ് ഓഡിറ്റോറിയത്തിൽ മേള സംഘടിപ്പിച്ചിരിക്കുന്നത്.

'കോളനിയാനന്തരകാല സിനിമ - സമീപനം, സ്വത്വം, രാഷ്ട്രീയം (Post coloneal cinema - strategy, identity, politics) എന്നതാണ് ഇത്തവണത്തെ ചലച്ചിത്രമേളയുടെ വിഷയം. 'കോളനിയാനന്തര കാലഘട്ടത്തിലെ ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ, ആസ്ട്രേലിയൻ സിനിമകളാണ് മേളയിലുറപ്പെടുത്തിയിരിക്കുന്നത്.

ഈ കാലഘട്ടത്തിലെ വിവിധ ദേശങ്ങളിലെ വ്യക്തികളിൽ ജീവിതസംഘർഷത്തിന്റെ കഥ പറയുന്ന ഒൻപത് സിനിമകളാണ് പ്രദർശിപ്പിക്കുന്നത്.




## റാബിറ്റ് പ്രൂഫ് ഫെൻസ്

**- ഓസ്ട്രേലിയ / 2002**

സോറിസ് പിൽകിങ്ടൺ ഗരിമാറയുടെ 'ഫോളോ ദ റാബിറ്റ് - പ്രൂഫ് ഫെൻസ്' എന്ന പുസ്തകത്തെ ആസ്പദമാക്കി ഫിലിപ് നോയ്സ് സംവിധാനം ചെയ്ത ചിത്രമാണിത്. തദ്ദേശീയരായ രണ്ട് ഓസ്ട്രേലിയൻ പെൺകുട്ടികളുടെ സ്വത്വാന്വേഷണ യാത്രയും അതിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളുമാണ് സിനിമയുടെ കഥ.

## ദ ഫസ്റ്റ് ഗ്രേഡർ

**- കെനിയ - യു.കെ. / 2010**




ജസ്റ്റിൻ ചാഡ്വിക് സംവിധാനം ചെയ്ത ദ ഫസ്റ്റ് ഗ്രേഡർ 84-ാം വയസ്സിൽ പ്രാഥമിക വിദ്യാഭ്യാസം നേടാനെത്തുന്ന കെനിയൻ ഗ്രാമീണന്റെ കഥയാണ് പറയുന്നത്. 21-ാം നൂറ്റാണ്ടിലെ ആഫ്രിക്കൻ ജീവിതത്തിന്റെ നേർക്കാഴ്ചയും രാഷ്ട്രീയവും പറയുന്ന സിനിമ നിരവധി അന്താരാഷ്ട്ര മേളകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

## ഇവൻ ദ റെയിൻ

**- സ്പെയിൻ - മെക്സിക്കോ - ഫ്രാൻസ് / 2010**

ക്രിസ്റ്റഫർ കൊളംബസിന്റെ ലോകയാത്രയെക്കുറിച്ച് സിനിമ നിർമിക്കാനായി കൊളംബിയയിലെത്തുന്ന സംവിധായകനും നിർമാതാവും നേരിടേണ്ടിവരുന്ന വെല്ലുവിളികളാണ് 'ഇവൻ ദ റെയിൻ' പറയുന്നത്. തദ്ദേശീയരായ കൊളംബിയൻ ഗ്രാമീണർ കുടിവെള്ളത്തിന്റെ സ്വകാര്യവത്കരണത്തിനെതിരെ നടത്തിയ പ്രക്ഷോഭത്തിനിടെയാണ് കഥ നടക്കുന്നത്. 21-ാം നൂറ്റാണ്ടിൽ ലോകവ്യാപകമായി കുടിവെള്ളം കച്ചവടം ചെയ്യുന്ന സംസ്കാരത്തെയും മാനുഷികമൂല്യങ്ങളെയും സിനിമ ചർച്ച ചെയ്യുന്നുണ്ട്.




## വൈറ്റ് മെറ്റീരിയൽ

**- ഫ്രാൻസ് - കാമറൂൺ / 2009**

ആഫ്രിക്കയിലെ ആഭ്യന്തര യുദ്ധകാലത്തും തന്റെ എസ്റ്റേറ്റ് വിട്ടുപോകാതെ അവിടെത്തന്നെ കഴിയാൻ തീരുമാനിക്കുന്ന ഫ്രഞ്ച് കുടുംബത്തിന്റെ കഥയാണ് 'വൈറ്റ് മെറ്റീരിയൽ'. തദ്ദേശീയരായ ആഫ്രിക്കക്കാരുടെ ജീവിതവും സിനിമയുടെ പ്രധാന പ്രമേയമാണ്. എല്ലാം തകർക്കുന്ന ആഭ്യന്തരയുദ്ധത്തിന് നടുവിൽ അതിജീവനത്തിന്റെ പാത തേടുന്ന മനുഷ്യരുടെ കാഴ്ചയാണ് വൈറ്റ് മെറ്റീരിയൽ. അന്താരാഷ്ട്ര പ്രശസ്തിയാർജിച്ച ഫ്രഞ്ച് സംവിധായകൻ ക്ലെയർ ഡെന്നിസാണ് സിനിമ ഒരുക്കിയിരിക്കുന്നത്.

### പ്രദർശനം

| 28.11.2013 | 29.11.2013 |
|---|---|
| 9.00 - റാബിറ്റ് പ്രൂഫ് ഫെൻസ് | 8.00 - ടെൻ കാനോസ് |
| 10.30 - ഉദ്ഘാടന സമ്മേളനം | 9.30 - വെയ്ൽ റൈഡർ |
| 11.30 - ദ ഫസ്റ്റ് ഗ്രേഡർ | 11.00 - ദ ബാറ്റിൽ ഓഫ് അൾജിയേഴ്സ് |
| 1.30 - ഇവൻ ദ റെയിൻ | 1.30 - ക്രൈ ബിലവഡ് കൺട്രി |
| 3.00 - വൈറ്റ് മെറ്റീരിയൽ | 3.15 - ബ്ലാക്ക് ആൻഡ് വൈറ്റ് ഇൻ കളർ |




## ടെൻ കാനോസ്

**- ഓസ്ട്രേലിയ / 2006**

ഓസ്ട്രേലിയൻ തദ്ദേശീയമായ ഗോത്രങ്ങളുടെ ഭാഷയാണ് ടെൻ കാനോസിലുപയോഗിച്ചിരിക്കുന്നത്. പാശ്ചാത്യ അധിനിവേശത്തിന് മുൻപുള്ള തദ്ദേശീയ ജനങ്ങളുടെ കഥ പറയുന്ന ചിത്രമാണ് ടെൻ കാനോസ്.

## വെയ്ൽ റൈഡർ

**- ന്യൂസിലാൻഡ്**
**- ജർമനി / 2002**




ഗോത്രത്തിന്റെ തലവനാകാനുള്ള പാരമ്പര്യാവകാശി പെൺകുട്ടിയായതിനാൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളും സാമൂഹിക വ്യവസ്ഥയുടെ ചലനങ്ങളുമാണ് വെയ്ൽ റൈഡർ ചർച്ച ചെയ്യുന്നത്.

## ദ ബാറ്റിൽ ഓഫ് അൾജിയേഴ്സ്

**- ഇറ്റലി - അൾജീരിയ / 1966**




1954നും 1957നും ഇടയിൽ അറംജീരിയുടെ സ്വാതന്ത്ര്യ സമരകാലത്തെ ജീവിതത്തിന്റെ നേർക്കാഴ്ചയാണ് ദ ബാറ്റിൽ ഓഫ് അറംജിയേഴ്സ്. വിപ്ലവവും ലഹളയും ഫ്രഞ്ച് അധിനിവേശത്തിന്റെ ക്രൂരതയും വരച്ചുകാട്ടുന്ന ചിത്രം അറംജീരിയൻ ആഭ്യന്തരകലാപത്തിന്റെ യഥാതഥമായ ആവിഷ്കാരമാണ്.




## ക്രൈ ബിലവഡ് കൺട്രി

**- സൗത്ത് ആഫ്രിക്ക - യു.എസ്.എ. / 1995**

സ്റ്റീഫൻ കുമാലോ എന്ന പുരോഹിതൻ രോഗബാധിതയായ സഹോദരിയെ സംരക്ഷിക്കാൻ ഗ്രാമത്തിൽ നിന്ന് ജോഹന്നാസ്ബർഗിലെത്തുന്നതാണ് കഥ. കുമാലോയുടെ ജീവിതത്തിൽ പിന്നീടുണ്ടാകുന്ന വികാസങ്ങളാണ് സിനിമയ്ക്കാധാരം.

## ബ്ലാക്ക് & വൈറ്റ് ഇൻ കളർ

**- ഫ്രാൻസ് - വെസ്റ്റ് ജർമനി / 1988**




ഒന്നാം ലോകമഹായുദ്ധകാലത്ത് ഫ്രാൻസും ജർമനിയും തമ്മിൽ ഒരു ആഫ്രിക്കൻ കോളനിയെച്ചൊല്ലിയുണ്ടായ ചെറിയ യുദ്ധമാണ് സിനിമയുടെ പശ്ചാത്തലം. ആഫ്രിക്കയിലാണ് കഥ നടക്കുന്നത്.

വിവരങ്ങൾക്ക്:
ക്രിബുന വിശ്വാസ്, കോ-ഓർഡിനേറ്റർ. ഫോൺ: 94470 37336